

# ഖുർആൻ ബോധനം

**682**

എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

31. ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ മക്കളെ കൊല്ലാൻ പാടില്ല. നാമാകുന്നു അവർക്കന്നം നൽകുന്നത്; നിങ്ങൾക്കും. അവരെ കൊന്നു കളയുന്നതു മഹാപാതകമാകുന്നു.

32. നിങ്ങൾ വ്യഭിചാരത്തോടടുത്തു പോകരുത്. തീർച്ചയായും അത് തികഞ്ഞ നീചവൃത്തിയും തീരെ കെട്ട നടപടിയുമാകുന്നു.

33. അല്ലാഹു ആദരിച്ച ഒരു ജീവനെയും നിങ്ങൾ അന്യായമായി ഹനിച്ചുകൂടാ. ഒരുവൻ അന്യായമായി വധിക്കപ്പെട്ടാൽ അവന്റെ ഉറ്റവർക്കും ഉടയവർക്കും നാം പ്രതിക്രിയാവകാശം നൽകിയിരിക്കുന്നു. അതിനാൽ കൊലയിൽ അതിരു കവിയാതിരിക്കുവിൻ. മർദ്ദിതൻ തീർച്ചയായും സഹായിക്കപ്പെടേണ്ടതാകുന്നു.

وَلَا تَقْتُلُوٓا۟ أَوْلَـٰدَكُمْ خَشْيَةَ إِمْلَـٰقٍ ۖ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ ۚ
إِنَّ قَتْلَهُمْ كَانَ خِطْـًٔا كَبِيرًا ﴿٣١﴾

وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَـٰحِشَةً وَسَآءَ سَبِيلًا ﴿٣٢﴾

وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۗ وَمَن قُتِلَ مَظْلُومًا فَقَدْ جَعَلْنَا
لِوَلِيِّهِۦ سُلْطَـٰنًا فَلَا يُسْرِف فِّى ٱلْقَتْلِ ۖ إِنَّهُۥ كَانَ مَنصُورًا ﴿٣٣﴾

وَلَا تَقْتُلُوٓا۟ = നിങ്ങൾ കൊല്ലാൻ പാടില്ല أَوْلَـٰدَكُمْ = നിങ്ങളുടെ മക്കളെ خَشْيَةَ إِمْلَـٰقٍ = ദാരിദ്ര്യം ഭയന്ന്
نَّحْنُ نَرْزُقُهُمْ = നാമാകുന്നു അവർക്കന്നം നൽകുന്നത് وَإِيَّاكُمْ = നിങ്ങൾക്കും
إِنَّ قَتْلَهُمْ = തീർച്ചയായും അവരുടെ കൊല(അവരെ കൊന്നുകളയുന്നത്) كَانَ خِطْـًٔا كَبِيرًا = മഹാപാതകമാകുന്നു
وَلَا تَقْرَبُوا۟ = നിങ്ങൾ അടുക്കരുത് (ടുത്ത് പോകരുത്) ٱلزِّنَىٰٓ = വ്യഭിചാരത്തെ
إِنَّهُۥ كَانَ فَـٰحِشَةً = അത്(തികഞ്ഞ) നീചവൃത്തിയാകുന്നു وَسَآءَ = ചീത്തയും(തീരെ കെട്ട)
سَبِيلًا = വഴിയാൽ(നടപടിയുമാകുന്നു) وَلَا تَقْتُلُوا۟ = നിങ്ങൾ കൊല്ലരുത്, ഹനിച്ചുകൂടാ ٱلنَّفْسَ = ഒരു ജീവിയെ(യും)
ٱلَّتِى حَرَّمَ ٱللَّهُ = അല്ലാഹു ആദരിച്ചതായ إِلَّا بِٱلْحَقِّ = അവകാശം കൊണ്ടല്ലാതെ(അന്യായമായി)
وَمَن قُتِلَ = ഒരുവൻ വധിക്കപ്പെട്ടാൽ مَظْلُومًا = മർദിതനായി(അന്യായമായി)
فَقَدْ جَعَلْنَا = അപ്പോൾ തീർച്ചയായും നാം ആക്കി (അവകാശം നൽകിയിരിക്കുന്നു)
لِوَلِيِّهِۦ = അവന്റെ അധികാരിക്ക്(ഉറ്റവർക്കും ഉടയവർക്കും) سُلْطَـٰنًا = അധികാരം (പ്രതിക്രിയാ)അവകാശം
فَلَا يُسْرِف = അതിനാൽ അതിരു കവിയരുത് فِّى ٱلْقَتْلِ = കൊലയിൽ
إِنَّهُۥ كَانَ مَنصُورًا = അവൻ സഹായിക്കപ്പെടുന്നവൻ(പ്പെടേണ്ടത്) ആകുന്നു

**31.** 22-ാം സൂക്തത്തിൽ പ്രസ്താവിച്ച, അല്ലാഹുവിനെയല്ലാതെ മറ്റൊരു ദൈവത്തെയും സ്വീകരിക്കാതിരിക്കുക എന്ന മൗലിക തത്ത്വത്തിന്റെ അനിവാര്യ താൽപര്യങ്ങളും പൂരകങ്ങളുമായി വരുന്ന സുപ്രധാനമായ ചില വിധിവിലക്കുകളാണ് ഇനി അവതരിപ്പിക്കുന്നത്. തൗഹീദ്-ഏകദൈവ വിശ്വാസം വ്യക്തി ജീവിതത്തെയും കുടുംബ-സാമൂഹിക ജീവിതങ്ങളെയും എങ്ങനെ ഗ്രസിക്കുന്നുവെന്ന് ഈ അധ്യാപനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു മാത്രമാണ് ദൈവം എന്ന തത്ത്വത്തിന്റെ അനിവാര്യതയാണ്, സൃഷ്ടികൾ അവനുമാത്രം അടിമപ്പെടുക എന്നത്. അവനെ മാത്രം ആരാധിക്കുകയും അവന്റെ ശാസനകൾ അനുസരിക്കുകയും ചെയ്യുന്നതിലൂടെയാണ് അവനുള്ള അടിമത്തം പ്രാവർത്തികമാകുന്നത്. മാതാപിതാക്കളെ പരിചരിക്കുക, കുടുംബബന്ധങ്ങൾ നിലനിർത്തുക, അവശരെയും ആലംബഹീനരെയും സഹായിക്കുക, അവരോട് നന്നായി പെരുമാറുക, സാമ്പത്തിക കാര്യങ്ങളിൽ ലുബ്ധോ ധൂർത്തോ കാണിക്കാതെ മിതത്വം പാലിക്കുക, സമ്പത്തിന്റെ യഥാർഥ ഉടമയും ദാതാവും അല്ലാഹുവാണെന്നംഗീകരിക്കുക ഇവയാണ് തൗഹീദിന്റെ പ്രാഥമിക താൽപര്യങ്ങളായി പ്രസ്താവിച്ച കാര്യങ്ങൾ. സാമ്പത്തിക ബന്ധവുമായും കുടുംബ സാമൂഹ്യ ബന്ധങ്ങളുമായും ഏറെ ബന്ധപ്പെട്ടതാണ് ഈ സൂക്തം പരാമർശിക്കുന്ന സന്താനഹത്യ.

സന്താനഹത്യക്ക് പ്രേരകമായി പറയുന്ന ദാരിദ്ര്യഭയത്തിന് രണ്ടവസ്ഥയുണ്ട്. ഒന്ന്, 'ഇപ്പോൾ തങ്ങൾക്ക് സുഖമായി ജീവിക്കാനുള്ള സാമ്പത്തിക ശേഷിയുണ്ട്, ഇനി കുട്ടികൾ കൂടി ഉണ്ടായാൽ ഈ സുഖമൊക്കെ പോകും. ജീവിതം ഭാരമായിത്തീരും' എന്ന ഭയം. രണ്ട്, ഇപ്പോൾ തന്നെ തങ്ങൾ ദരിദ്രരാണ്, കുട്ടികൾ കൂടി ഉണ്ടായാൽ ഈ ദാരിദ്ര്യം ഇനിയും വല്ലാതെ വർധിക്കുമെന്ന ഭയം. രണ്ടു തരം ഭയത്തെയും ഖുർആൻ നിഷേധിക്കുകയാണ് نَّحۡنُ نَرۡزُقُهُمۡ وَإِيَّاكُمۡ (അവർക്കും നിങ്ങൾക്കും അന്നം നൽകുന്നത് നാമാകുന്നു) എന്ന വാക്യത്തിലൂടെ. ആദ്യം പറഞ്ഞ തരം ഭയമുള്ള സമ്പന്നരെയാണ് ഇവിടെ സംബോധന ചെയ്യുന്നത്. അതായത് ക്ഷേമം സന്തതികൾക്കു പങ്കുവെക്കേണ്ടിവന്നാൽ നിങ്ങൾ ദരിദ്രരായിപ്പോകുമെന്ന ഭയം അസ്ഥാനത്താണ്. അവർക്കു വേണ്ടി വിഭവങ്ങൾ വിധിക്കുന്നത് അല്ലാഹുവാണ്, നിങ്ങൾക്ക് ക്ഷേമം വിധിച്ചതും അവൻ തന്നെ. സൂറഃ അൻആം 151-ാം സൂക്തത്തിൽ ദരിദ്രരെ സംബോധന ചെയ്ത അവരെയാണ് ആദ്യം പരാമർശിച്ചത്. نَّحۡنُ نَرۡزُقُكُمۡ وَإِيَّاهُمۡ (നിങ്ങൾക്കും അവർക്കും അന്നം നൽകുന്നത് നാമാകുന്നു) എന്ന്. അല്ലാഹു അവന്റെ ദാസന്മാരോട് അവരുടെ മാതാപിതാക്കളെക്കാളും മക്കളെക്കാളുമെല്ലാം കാരുണ്യമുള്ളവനാണ്. അവരുടെയെല്ലാം ആഹാരവും മറ്റു ജീവിതോപാധികളും അവന്റെ ഹസ്തത്തിലാണ്. അവനിഛിക്കുന്നവർക്കത് അവനിഛിക്കുന്ന പടി വിതരണം ചെയ്തുകൊണ്ടിരിക്കും. മക്കളൊന്നും ഇല്ലാത്തവരും ചിലപ്പോൾ കടുത്ത ദാരിദ്ര്യമനുഭവിക്കേണ്ടി വരും. ദരിദ്രരായ ചിലർ ധാരാളം മക്കളുണ്ടായിട്ടും കാലക്രമത്തിൽ വലിയ സമ്പന്നരായിത്തീർന്നുവെന്നും വരാം. വളരെ സമർഥമായി കഠിനാധ്വാനം ചെയ്തിട്ടും ചിലർക്ക് ദാരിദ്ര്യത്തിൽ നിന്ന് കരകയറാനാകുന്നില്ല. ചിലർക്കാകട്ടെ കാര്യമായ പരിശ്രമമൊന്നും ചെയ്തില്ലെങ്കിലും സമ്പത്ത് കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. വിത്തം ആർക്ക് എപ്പോൾ എങ്ങനെ നൽകണമെന്ന് നിശ്ചയിക്കുന്നത് അല്ലാഹുവാണ്. ദാരിദ്ര്യം ഭയന്ന് മക്കളെ കൊല്ലുന്നതും ദാനധർമങ്ങളിൽ പിശുക്കു കാണിക്കുന്നതും അല്ലാഹുവിന്റെ വിഭവവിതരണത്തെയും ഔദാര്യത്തെയും കുറിച്ചുള്ള തെറ്റായ ധാരണകളുടെയും അവിശ്വാസത്തിന്റെയും ഫലമാണ്.

ഇബ്നുമസ്ഊദ്(റ) ഒരിക്കൽ പ്രവാചകനോടു ചോദിച്ചതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ ദൂതരേ, ഏറ്റം ഗുരുതരമായ പാപം ഏതാണ്? തിരുമേനി: നിന്നെ സൃഷ്ടിച്ച അല്ലാഹുവിന് സമന്മാരെ സങ്കൽപിക്കുക. ഇബ്നുമസ്ഊദ്: പിന്നെ ഏതാണ്? തിരുമേനി: നിന്നോടൊപ്പം ഭക്ഷണം കൊടുക്കേണ്ടിവരുമെന്ന് ഭയന്ന് നിന്റെ സന്തതികളെ കൊന്നുകളയുക. ഇബ്നുമസ്ഊദ്: പിന്നെ ഏതാണ്? തിരുമേനി: നിന്റെ അയൽക്കാരന്റെ ഭാര്യയെ വ്യഭിചരിക്കുക."

അറബികൾക്കിടയിൽ നിലവിലുണ്ടായിരുന്ന സന്താനഹത്യ പെൺസന്തതികളുടെ ഹത്യയായിരുന്നു. യുദ്ധത്തിനോ, വ്യാപാരത്തിനോ മറ്റു കായികാധ്വാനങ്ങൾക്കോ ശേഷിയില്ലാത്ത സ്ത്രീ ജനങ്ങളെയാണ് അവർ ദാരിദ്ര്യ ഹേതുവായി കണ്ടിരുന്നത്. പുരുഷന്മാരുടെ അക്രമങ്ങൾ പ്രതിരോധിക്കാൻ കഴിയാതെ അവർ എളുപ്പം ബലാൽസംഗത്തിനിരയാവുകയും അങ്ങനെ ഗോത്രം അപമാനിതമാവുകയും ചെയ്യുമെന്നും അവർ ഭയപ്പെട്ടിരുന്നു. അതുകൊണ്ട് ചില ഗോത്രങ്ങൾ പെൺകുട്ടികൾ ജനിച്ചാലുടനെ കുഴിച്ചു മൂടുകയായിരുന്നു. പുരുഷ സന്തതികൾ പൊതുവിൽ ഗണിക്കപ്പെട്ടിരുന്നത് കുടുംബത്തിന്റെ മുതൽക്കൂട്ടായിട്ടാണ്. ഈ സമ്പ്രദായത്തെയാണ് ഈ സൂക്തം ഉദ്ദേശിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ "നിങ്ങളുടെ മക്കളെ കൊല്ലരുത്" എന്ന വാക്യം എല്ലാ തരത്തിലുള്ള സന്താനഹത്യകളെയും ഉൾക്കൊള്ളുന്നുണ്ട്. ഈ വിഷയം നേരത്തെ സൂചിപ്പിച്ച സൂറഃ അൻആം 151-ാം സൂക്തത്തിനു താഴെ കൂടുതൽ വിശദീകരിച്ചിരിക്കുന്നു.

സന്താനഹത്യ മഹാപാതകം (خِطۡـًٔا كَبِيرًا) ആണെന്നു പറയുമ്പോൾ അത് ശിക്ഷാർഹമായ കൊലക്കുറ്റമാണെന്നു വരുന്നു. ഇന്നു സാധാരണയായി നടക്കുന്ന ഭ്രൂണഹത്യ അതിൽ പെടുമോ എന്നൊരു പ്രശ്നമുണ്ട്. ഭ്രൂണഹത്യ നിഷിദ്ധമാണെങ്കിലും ശിക്ഷാർഹമായ കൊലക്കുറ്റമാകുന്നില്ലെന്നാണ് പൊതുവായ വീക്ഷണം. ന്യായമായ കാരണങ്ങളുണ്ടെങ്കിൽ അത് അനുവദനീയവുമാണ്. ഗർഭഛിദ്രം ചെയ്തില്ലെങ്കിൽ മാതാവിന് ജീവഹാനിയോ അപരിഹാര്യമായ ആരോഗ്യഹാനിയോ ഉണ്ടാകുമെന്ന് കാണുന്ന അവസ്ഥ ഗർഭഛിദ്രം അനുവദനീയമാക്കുന്ന ന്യായമായ കാരണമാണ്. ജനിക്കുന്ന ശിശു സാധാരണ ജീവിതം അസാധ്യമാകുന്ന വിധത്തിലുള്ള ജനിതക വൈകല്യങ്ങളുള്ളതായിരിക്കുമെന്ന് ബോധ്യപ്പെടുന്ന അവസ്ഥയും അപ്രകാരം തന്നെ.

സ്ത്രീയും പുരുഷനും വ്യക്തിതലത്തിൽ കൃത്രിമ മാർഗങ്ങളവലംബിച്ച് സന്താന ജനനം തടയുന്നത് അനഭിലഷണീയവും പ്രകൃതിവിരുദ്ധവുമാകുന്നു. എങ്കിലും ശരീ

അത്ത് അത് നിഷിദ്ധമായി വിധിച്ചിട്ടില്ല. പ്രവാചകന്റെ കാലത്ത്, അസ്ൽ(عزل) എന്ന പേരിൽ ഒരു തരം കൃത്രിമ ഗർഭനിരോധന സമ്പ്രദായം അറബികൾക്കിടയിലുണ്ടായിരുന്നു. പ്രവാചകൻ അതു നിരോധിക്കുകയുണ്ടായില്ല. ഖുർആൻ അവതരിച്ചു കൊണ്ടിരിക്കെ ഞങ്ങൾ അസ്ൽ ചെയ്യാറുണ്ടായിരുന്നുവെന്ന് ചില പ്രവാചക ശിഷ്യന്മാർ പ്രസ്താവിച്ചിട്ടുണ്ട്. പ്രവാചകൻ ഒരിക്കലും അതിനെ പ്രോത്സാഹിപ്പിച്ചിട്ടുമില്ല. എന്നല്ല 'അസ്ൽ ലഘുവായ ശിശുഹത്യ തന്നെയാണെന്ന്' തിരുമേനി പ്രസ്താവിച്ചതായും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സമൂഹമോ സർക്കാറോ സന്താന നിയന്ത്രണത്തെ ഒരു സാമൂഹ്യക്ഷേമ മാർഗമായി അവലംബിക്കുന്നത് നിഷിദ്ധമാണെന്ന നിലപാടാണ് ഇസ്‌ലാമിക പണ്ഡിതന്മാർക്കിടയിൽ പൊതുവിലുള്ളത്. ജനപ്പെരുപ്പം ദാരിദ്ര്യ ഹേതുകമാണെന്നത് അന്ധവിശ്വാസമാണ്. കുറഞ്ഞ ജനസംഖ്യയുള്ള പല സമൂഹങ്ങളും കടുത്ത ദാരിദ്ര്യമനുഭവിക്കുന്നുണ്ട്. വമ്പിച്ച ജനബാഹുല്യമുള്ള ചില രാജ്യങ്ങൾ സമ്പന്നമാകുന്നുമുണ്ട്. ആവശ്യത്തിനനുസരിച്ച് ഉൽപാദനം വർധിപ്പിക്കുകയാണ് ദാരിദ്ര്യത്തിൽ നിന്ന് മോചനം നേടാനുള്ള ശരിയായ വഴി. 1960കൾക്കു മുമ്പ് ഇന്ത്യൻ ജനസംഖ്യ 50 കോടിയിൽ താഴെയായിരുന്നു. ഇപ്പോഴത് 125 കോടിയോളമായി വർധിച്ചിരിക്കുന്നു. എന്നാൽ ജനസംഖ്യ 50 ആയിരുന്ന കാലത്തുണ്ടായിരുന്നതിനെക്കാൾ പട്ടിണിയും ക്ഷാമവും ഗണ്യമായി കുറയുകയും ജീവിത നിലവാരം ഉയരുകയും ചെയ്തിരിക്കുകയുമാണ്, 125 കോടിയായി വർധിച്ച ഈ കാലഘട്ടത്തിൽ. രാജ്യത്ത് ഉൽപാദനത്തിലും വിതരണത്തിലുമുണ്ടായ പുരോഗതിയാണിതിനു കാരണം. ഉൽപാദനോപാധികളുടെയും ഉപകരണങ്ങളുടെയും ന്യായമായ പങ്കുവെപ്പും ഉൽപന്നങ്ങളുടെ ന്യായമായ വിതരണവുമുണ്ടെങ്കിൽ എന്നും മനുഷ്യർക്കാകമാനം സുഭിക്ഷമായി ജീവിക്കാനുള്ള വിഭവങ്ങൾ ഈ ഭൂമിയിലുണ്ട്. പ്രകൃതി സ്ഥാപിച്ച ഒരു സന്തുലനമാണത്. മനുഷ്യർ ഈ സന്തുലനം താറുമാറാക്കുകയും ഉൽപാദനോപാധികളും ഉൽപന്നങ്ങളും ന്യായമായി പങ്കുവക്കാതെ തടഞ്ഞു വെക്കുകയും ചെയ്യുന്നു. ഈ കൃത്രിമ നടപടിയുടെ പ്രത്യാഘാതങ്ങളെ മറികടക്കാൻ അവൻ തേടുന്ന മറ്റൊരു കൃത്രിമ മാർഗമാണ് ജനസംഖ്യാ നിയന്ത്രണം. ഇത്തരം പരിഹാര മാർഗങ്ങൾ അവന്റെ മുമ്പിൽ മറ്റു പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുകയാണ്.

**32.** രണ്ടാമതായി വിലക്കുന്നത് അവിഹിത വേഴ്ചയാണ്. ഒന്നാമതു പറഞ്ഞ സന്താനഹത്യാനിരോധവും ഇതും തമ്മിൽ സൂക്ഷ്മമായ ഒരു ബന്ധമുണ്ട്. ലൈംഗിക സുഖം മനുഷ്യനിൽ ചുമത്തുന്ന ഉത്തരവാദിത്വമാണ് സന്തതികളെ ജനിപ്പിച്ചു വളർത്തുകയെന്നത്. ഈ ഉത്തരവാദിത്വത്തിന്റെ ഏറ്റം ക്രൂരമായ ലംഘനമാണ് സന്താനഹത്യ. പുരുഷനെ സംബന്ധിച്ചേടത്തോളം സന്താനോൽപാദനത്തിന്റെയും കുടുംബ പരിപാലനത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ നിന്ന് തികച്ചും ഒഴിഞ്ഞു മാറിക്കൊണ്ടുള്ള ലൈംഗികാസ്വാദനമാണ് അവിഹിത വേഴ്ച. ഇക്കാലത്ത് സ്ത്രീക്കും സന്താനോൽപാദനം ഒഴിവാക്കി ലൈംഗിക വൃത്തി സാധ്യമാകുന്നു. വ്യഭിചാരം വർധിക്കുന്നതിന്റെ ഒന്നാമത്തെ തിക്തഫലം കുടുംബം എന്ന സ്ഥാപനത്തിന്റെ തകർച്ചയാണ്. ആളുകളിൽ മാന്യതാബോധവും സാംസ്കാരിക സദാചാര ബോധങ്ങളും നശിക്കുന്നു. പരസ്പരം മാനിക്കേണ്ട സ്വകാര്യ അവകാശങ്ങൾ ഹനിക്കപ്പെടുന്നു. ധർമാധർമങ്ങൾ തമ്മിലും നന്മതിന്മകൾ തമ്മിലുമുള്ള വിവേചനം അപ്രത്യക്ഷമാവുകയും സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാന സ്തംഭങ്ങൾ ശിഥിലമാവുകയുമായിരിക്കും അതിന്റെ അനന്തരഫലം.

വ്യഭിചരിക്കരുത് എന്നല്ല; വ്യഭിചാരത്തോടടുക്കുകയേ അരുത് എന്നാണ് കൽപന. ഒരു കാര്യം ചെയ്യരുത് എന്നുപറയുന്നതിനേക്കാൾ ഗൗരവപൂർണവും ശക്തവുമായ വിലക്കാണ് അതിനോടടുത്തു പോകരുത് എന്ന് പറയുന്നത്. ആളുകളെ വ്യഭിചാരത്തോടടുപ്പിക്കുന്ന നിരവധി സംഗതികളുണ്ട്. അന്യ സ്ത്രീപുരുഷന്മാർ തമ്മിൽ നിയന്ത്രണമില്ലാതെ ഇഴുകിച്ചേർന്ന് പെരുമാറുക, സ്ത്രീകൾ മാദകഭാഗങ്ങൾ നഗ്നമാക്കി നടക്കുക, അന്യ സ്ത്രീപുരുഷന്മാർ പരസ്പരം മോഹത്തോടെ നോക്കുക തുടങ്ങിയവ അവിഹിത ബന്ധങ്ങളിലേക്കുള്ള പ്രധാന കവാടങ്ങളാണ്. അതുകൊണ്ട് സൂറഃ അന്നൂർ 30, 31 സൂക്തങ്ങളിൽ സദാചാര കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും അനാശാസ്യ ദൃശ്യങ്ങളിൽ നിന്ന് കണ്ണുകൾ താഴ്ത്തണമെന്നും വിശ്വാസികളോടും വിശ്വാസിനികളോടും കൽപിച്ചിട്ടുള്ളത്. ശ്ലീലതയുടെ അതിരുകൾ ലംഘിക്കുന്ന സാഹിത്യങ്ങളും കലാപ്രകടനങ്ങളും അന്യരെക്കുറിച്ച് ലൈംഗികാപവാദങ്ങൾ പ്രചരിപ്പിക്കുന്നതും അവിഹിത ബന്ധങ്ങളെക്കുറിച്ചു വ്യാപകമായി ചർച്ച ചെയ്യുന്നതുമൊക്കെ സമൂഹത്തിന്റെ സദാചാരബോധം ക്ഷയിപ്പിക്കും. അത്തരം വർത്തമാനങ്ങളുണ്ടാകുമ്പോൾ വിശ്വാസികൾ مَّا يَكُونُ لَنَآ أَن نَّتَكَلَّمَ بِهَـٰذَا (ഈ സംസാരം നമുക്ക് ഭൂഷണമല്ല-24:16) എന്നുപറഞ്ഞ് അതിൽ നിന്നൊഴിഞ്ഞു നിൽക്കണമെന്ന് കൽപിച്ചിരിക്കുന്നു.

അവിഹിത വേഴ്ചക്ക് രണ്ട് വിശേഷണങ്ങളാണ് അല്ലാഹു നൽകുന്നത് - فاحشة - ساء سبيل. ആഭാസകരവും മ്ലേഛവുമായ നടപടിയാണ് فاحشة. അസഭ്യതയും മ്ലേഛതയും ഉറച്ചതും സ്ഥിരമായി നിലനിൽക്കുന്നതുമാണ് എന്ന ആശയത്തെ വഹിക്കുന്നതാണ് إِنَّهُۥ كَانَ فَـٰحِشَةً എന്ന വാക്യം. سَآءَ سَبِيلًا ന്റെ വാക്കർഥം ചീത്തയായ വഴി എന്നാണ്. സ്ഥിരമായി സ്വീകരിക്കപ്പെടുന്ന സമ്പ്രദായം, ചര്യ എന്ന പ്രയോഗാർഥമുണ്ട് سبيل ന്. ഇവിടെ അതാണുദ്ദേശ്യം. വ്യഭിചാരം ഏറ്റം മ്ലേഛമായ കുറ്റകൃത്യവും ഏറ്റം മോശപ്പെട്ട ലൈംഗിക രീതിയുമാണെന്ന് വചനതാൽപര്യം.

**33.** കൊലപാതകത്തിന്റെ ഗൗരവം ഖുർആൻ ബോധനം അൽമാഇദഃ 32-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ ചർച്ച ചെയ്തിരിക്കുന്നു. അന്യായമായി ഹനിക്കുന്നത് വിലക്കപ്പെടുന്ന نفس ന്റെ പ്രഥമവും പ്രധാനവുമായ വിവക്ഷ മനുഷ്യനാണെങ്കിലും ജീവനുള്ള എല്ലാറ്റിനെയും ആ വാക്ക് ഉൾക്കൊള്ളുന്നുണ്ട്. ന്യായമായ കാരണമില്ലാതെ തിര്യക്കുകളെ കൊല്ലുന്നത് നബി(സ) വിലക്കിയിരിക്കുന്നു. തിര്യക്കുകളുടെ കാര്യത്തിൽ അവയിൽ നിന്നുള്ള ഉപദ്രവം തടയുന്നതും മാംസം ഭക്ഷണത്തിനുപയോഗിക്കുന്നതും അവയെ ഹിംസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങളിൽ പെടുന്നു. എന്നാൽ കേവല വിനോദത്തിനുവേണ്ടി വെടിവെച്ചും അമ്പെ

യ്ത്തുമൊക്കെ ജീവികളെ കൊല്ലുന്നത് വിലക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ കാര്യത്തിൽ ന്യായമായ കാരണം ഒന്നേയുള്ളൂ. അവൻ കൊലപാതകിയാവുക എന്നതാണത്. കൊല്ലപ്പെട്ടവന്റെ ഉറ്റവർക്ക് പ്രതികാരമായി കൊലയാളിയെ വധിക്കുകയോ നഷ്ടപരിഹാരം വാങ്ങുകയോ ചെയ്യാം. അതു ചെയ്യുന്നത് നീതിപൂർവമായിരിക്കണം. ഒരാളെ കൊന്നതിനു പ്രതികാരമായി അയാളുടെ കുടുംബത്തെ മുഴുവൻ ഹിംസിക്കുക, അല്ലെങ്കിൽ അയാളുടെ സമുദായത്തിൽ നിന്ന് കൈയിൽ കിട്ടിയവരെയൊക്കെ വകവരുത്തുക എന്നത് വലിയ അക്രമമാണ്. കൊലയാളിയെ ശിക്ഷിക്കുന്നതിനു പകരം അയാളുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുള്ള മറ്റൊരാളെ ശിക്ഷിക്കുന്നതും അക്രമമാണ്. അന്യായമായി കൊല ചെയ്യപ്പെട്ടവരുടെ ഉറ്റവർക്കും ഉടയവർക്കും പ്രതിക്രിയ നടത്താൻ അല്ലെങ്കിൽ കൊലയാളിയിൽ നിന്ന് നഷ്ടപരിഹാരമീടാക്കാൻ സൗകര്യമൊരുക്കി കൊടുക്കേണ്ടതും അമിതമായ പ്രതികാരത്തിനിരയായി മർദിതരാകുന്നവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതും, സമൂഹത്തിന്റെയും സർക്കാറിന്റെയും ബാധ്യതയാണ്. അവർ ആ ബാധ്യത നിർവഹിച്ചു കൊണ്ട് ആരും അതിരുവിട്ട നരഹത്യകൾക്കൊരുമ്പെടാനിടയാകാത്ത സാഹചര്യം സൃഷ്ടിക്കണം. ആളുകൾ സ്വന്തം നിലക്ക് കുറ്റവാളികളെ ശിക്ഷിക്കാനും നഷ്ടപരിഹാരം വാങ്ങാനും തുനിഞ്ഞുകൂടാ. പരാതിക്കാർ സമൂഹ നേതൃത്വത്തെ-സർക്കാറിനെ സമീപിക്കുകയാണ് വേണ്ടത്. അവരുടെ മധ്യസ്ഥത്തിലാണ് പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതും. ഇതാണ് فَلَا يُسْرِف فِّي ٱلْقَتْلِۖ إِنَّهُۥ كَانَ مَنصُورًا എന്ന വാക്യത്തിന്റെ താൽപര്യം.

ഹനിക്കുന്നത് നിരോധിക്കപ്പെട്ട ജീവനിൽ അവനവന്റെ ജീവനും പെടുന്നു. ആത്മഹത്യ ഗുരുതരമായ പാപമാണ്. ആത്മഹത്യ ചെയ്യുന്നവർ അവിശ്വാസിയാകുന്നു എന്നഭിപ്രായമുള്ളവരും ഉണ്ട്. അല്ലാഹുവിന്റെ ഔദാര്യത്തിലും അവകാശാധികാരങ്ങളിലും ഉറച്ച വിശ്വാസമുള്ളവർ സ്വയം മരിക്കുകയില്ല. ജനിമൃതികൾ അല്ലാഹുവിന്റെ അവകാശത്തിൽപെട്ടതാണ്. മനുഷ്യൻ അതിലിടപെടുന്നത് അതിക്രമമാണ്. മനുഷ്യജീവിതത്തിൽ സുഖദുഃഖങ്ങളും ക്ലേശങ്ങളും ലാളിത്യങ്ങളുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കും. അതിലൂടെയെല്ലാം അല്ലാഹു മനുഷ്യനെ പരീക്ഷിക്കുകയാണ്. ജീവിതപ്രശ്നങ്ങളെയും പ്രതിസന്ധികളെയും സമചിത്തതയോടെ ധീരമായി നേരിട്ടുകൊണ്ടു മുന്നോട്ടു പോവുകയാണ് മർത്യധർമം. ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നമുക്ക് തെറ്റുപറ്റാം. ചിലത് ഒട്ടും പരിഹരിക്കാനായില്ലെന്നും വരാം. തെറ്റുകൾ പൊറുക്കാൻ ദൈവത്തോട് പ്രാർഥിച്ചുകൊണ്ട് ഇന്നു പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ നാളെ അല്ലെങ്കിൽ അതിന് അടുത്ത നാൾ പരിഹരിക്കാൻ കഴിയുമെന്ന പ്രത്യാശയോടെ നീങ്ങണം. പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ തയാറാവാതെ ജീവിതത്തിൽ നിന്ന് ഒളിച്ചോടുന്നത് ചില ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ കഴിയാത്തതിന്റെ പേരിൽ പരീക്ഷ ഹാളിൽ നിന്ന് ഓടിപ്പോകുന്ന വിദ്യാർഥിയെപ്പോലെയാണ്. ■